
October 2012

# YOUTH VOICE

A Publication of
ST.THOMAS ORTHODOX YOUTH MOVEMENT
ST.MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.





Private Circulation among Cathedral Members only



മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ
മെത്രാപ്പോലീത്തന്മാരിൽഒരാളും മാവേലിക്കര
ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയുമായ
**അഭിവന്ദ്യ. പൗലോസ് മാർ പക്കോമിയോസ്**
തിരുമേനിയുടെ ഓർമ്മയ്ക്ക് മുമ്പിൽ ബഹറിൻ
സെന്റ് തോമസ് ഓർത്തഡോക്സ് യുവജന
പ്രസ്ഥാനത്തിന്റെ പ്രാർത്ഥനാപൂർവ്വമായ
ആദരാഞ്ജലികൾ....


# YOUTH VOICE

A Publication of
ST.THOMAS ORTHODOX YOUTH MOVEMENT
ST.MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.





Patron Saint
**St.Thomas the Apostle**

Patron
**H.H Baselios Marthoma Paulose II**
(Catholicose of the East & Malankara Metropolitan)

President
**Rev .Fr. Jacob Koshy**

Editor
**Lijo Thuruthel**


Type Setting
**Kaleeckal Communication**
**Lijo Thuruthel**

Art
**Binu Veliyil**

Photos
**Diju John**

Printers
**Al Najah Printing Press**

# എഡിറ്റോറിയൽ



മനോഹരമായ ഈ ഭൂമിയിൽ നമുക്ക് ജീവൻ നൽകിയ ദൈവം എത്ര നല്ലവനാണ്. നമ്മുടേതായ കഴിവിന്റെ പേരിൽ നമുക്ക് നൽകിയതല്ല ഈ ജന്മം. ഈ സുന്ദരഭൂമിയിൽ ഒരു നിമിഷം കൂടിമാത്രമേ നമുക്ക് ആയുസുള്ളുവെങ്കിലോ? ചിന്തിക്കേണ്ട കാര്യമാണ്. ഈ ഭൂമിയും പ്രപഞ്ചവുമെല്ലാം ദൈവസൃഷ്ടിയാണ്. നാം എല്ലാവരും സമ്പത്തിന്റെ കാര്യസ്ഥന്മാർ മാത്രം.

അടുത്തകാലത്ത് സമൂഹത്തിൽ കാണപ്പെടുന്ന ദുരവസ്ഥ, ചിന്ന-ഭിന്നമായിക്കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങളാണ്. ദൈവത്തിനും സഭയ്ക്കും പ്രയോജനപ്പെടുന്ന ഉത്തമരായ മക്കളെ വാർത്തെടുക്കേണ്ട കളരിയാണ് കുടുംബം.

കോടികൾ മുടക്കി രാജസൗധങ്ങൾപോലെ കൂറ്റൻ ദൈവാലയങ്ങൾ പടുത്തുയർത്തുന്നതും, അവയ്ക്കുമുമ്പിൽ വെട്ടിത്തിളങ്ങുന്ന സ്വർണ്ണക്കൊടിമരങ്ങളും, ഭൗതിക നേട്ടങ്ങളും, സുഖസമൃദ്ധമായ ജീവിതത്തിനുവേണ്ടി അരങ്ങുതകർക്കുന്ന സുവിശേഷയോഗങ്ങളും ഇന്ന് ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു.

സമൂഹത്തിൽ ക്രിസ്ത്യാനികൾക്ക് ധാരാളം ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുണ്ട്. നമ്മുടെ സഭാവിശ്വാസത്തിന്റെ കെട്ടുറപ്പും സ്ഥിരതയും ചൂണ്ടിക്കാണിക്കുവാൻ ഈ പതിപ്പ് സഹായിക്കട്ടെ.......

ഇത് പ്രസിദ്ധീകരിക്കുവാൻ കൃപകൾ ചൊരിഞ്ഞുതന്ന ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു. ഇതിനായി ലേഖനങ്ങളും മറ്റുംതന്ന് സഹായിച്ച മാന്യവ്യക്തികളോടും ഞങ്ങൾക്കുള്ള നന്ദി നിസ്സീമമാണ്.


പെരുന്നാൾ ആശംസകളോടെ

ലിജോ തുരുത്തേൽ

(എഡിറ്റർ)

# വയോജന ശക്തി

1990 ഡിസംബർ 14ന് ഐക്യരാഷ്ട്രസഭ, ഒക്ടോബർ 1 അന്താരാഷ്ട്ര വയോജന ദിനമായി പ്രഖ്യാപിച്ചു. പ്രായമായിക്കൊണ്ടിരിക്കുന്നവരുടെ മുമ്പിലുള്ള അവസരങ്ങളും വെല്ലുവിളികളും നേരിടുവാനും അതിനോട് പ്രതികരിക്കുവാനും പ്രാപ്തമായ ഒരു സമൂഹത്തെ മുന്നോട്ടുകൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഐക്യരാഷ്ട്രസഭ 2002ൽ ചർച്ചചെയ്തു. 2012–ൽ ലോകവയോജന ദിനത്തിൽ "ദീർഘകാലത്തേക്ക് ഭാവി രൂപപ്പെടുത്തുക" (Longevity - Shaping the future) എന്നതാണ് പ്രധാന വിഷയമായി ചിന്തിക്കാൻ പരിഗണിച്ചിരിക്കുന്നത്. ഈ ചിന്താവിഷയം കേന്ദ്രീകരിക്കുന്നത്, ജീവിതം മുഴുവൻ ആരോഗ്യപരമായ സ്വഭാവരീതികൾ അനുവർത്തിക്കുന്നത് സ്ത്രീപുരുഷന്മാർക്ക് ഫലപ്രദമായ പൂർണ്ണജീവിതം ഉണ്ടാകുവാനും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും അവരുടെ ജീവിതം പ്രചോദനമാകുവാനും എത്രമാത്രം സഹായിക്കുന്നു എന്നുള്ളതാണ്. അങ്ങനെ ആരോഗ്യസമ്പൂർണ്ണമായ ഒരു വയോജന സമൂഹം നിലവിൽ വരണം. വയോജനങ്ങൾ കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും അത്യധികം ഉദാത്തമായ സംഭാവനകൾ നൽകിയിട്ടുള്ളവരും നൽകിക്കൊണ്ടിരിക്കുന്നവരുമാണ്. സ്വയമേ അവർ വിവിധ പ്രവർത്തനങ്ങളിൽകൂടി അവരുടെ അറിവും ജീവിതാനുഭവങ്ങളും പകർന്നുകൊടുക്കുകയും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും സഹായകമായി വളരെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു. വളർന്നുവരുന്ന തലമുറയ്ക്ക് അവർ നൽകുന്ന സംഭാവനയും പ്രചോദനവും അതുല്യമാണ്. ഇത് പരിഗണിക്കുമ്പോൾ അവരോടുള്ള അകൽച്ചയും അനാദരവും ഇന്നത്തെ സമൂഹത്തിന്റെ ദൗർഭാഗ്യവും ഒരു കൊടുംപാപവുമാണ്.



ഇത് രണ്ടു പ്രധാന ഉത്തരവാദിത്വങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

1. ശ്രേഷ്ഠ വയോജനങ്ങളെ മനസ്സിലാക്കുകയും അവരുടെ വൈകാരിക തലങ്ങളും ഭാവങ്ങളും സംരക്ഷിക്കപ്പെടാൻ ശ്രദ്ധിക്കുകയും ചെയ്യുക. അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കരുതുന്ന ഒരു സമൂഹം കൂടെയുണ്ടെന്ന് ഉറപ്പുവരുത്തുക.

2. ആരോഗ്യകരമായ പ്രായമാകൽ പ്രക്രിയ (Healthy Ageing) ഉണ്ടാകത്തക്ക വിധം ഇന്നത്തെ സജീവതലമുറ, പ്രത്യേകിച്ച് യുവജനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും കർമ്മങ്ങളിലും കൃത്യനിഷ്ഠ, ആത്മീയവും ധാർമ്മികവുമായ കാര്യങ്ങൾക്ക് മുൻതൂക്കം, ഭക്ഷണക്രമീകരണം, പ്രകൃതിസംരക്ഷണം, മൂല്യാധിഷ്ഠിത നിലപാടുകൾ ഇവയൊക്കെ സംപൂർണ്ണ ആരോഗ്യത്തിന് അനിവാര്യമാണ്. അനാരോഗ്യപരമായ നടപടികളിൽകൂടി പ്രായമാകൽ പ്രക്രിയസംഭവിക്കുമ്പോൾ 'ജീവിക്കാൻ പഠിച്ചപ്പോഴേക്കും ജീവിതം കഴിയാറായി' എന്നോർത്ത് നാളത്തെ വയോജനം ദു:ഖിക്കേണ്ടിവരും. ആത്മീയമായും, വൈകാരികമായും ബലഹീനമായ ഒരു അവസ്ഥയെ, ഒരൽപംപോലും താങ്ങി നിർത്താൻ സാമ്പത്തിക ബലത്തിന് സാധിക്കുകയില്ല. അതുകൊണ്ട് ആരോഗ്യ സമ്പൂർണ്ണമായ ചൈതന്യം നിറഞ്ഞുനിൽക്കുന്ന ഒരു വയോജനസമൂ

*(തുടർച്ച ........ പേജ് 6)*

# THE INDIAN ORTHODOX CHURCH

**(The Malankara Orthodox Syrian Church)**



**Catholicate of the East**

**St. Thomas Bishop's House**
**St. Mary's School Campus**
**Naroda- Ahmedabad**
**Gujarat, India 382 330**

## DIOCESE OF AHMEDABAD

**By His Grace,**
Dr. Geevarghese Yulios Metropolitan

ബഹ്റൈൻ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയുടെ സെന്റ് തോമസ് യുവജനപ്രസ്ഥാനത്തിന്റെ ജിഹ്വായായ "Youth Voice" ത്രൈമാസികമായി പ്രസിദ്ധീകരിക്കുന്നുവെന്ന് അറിയുന്നതിൽ ദൈവത്തെ സ്തുതിക്കുകയും പ്രവർത്തകരെ അനുമോദിക്കുകയും ചെയ്യുന്നു.

യുവത്വം ഉർജ്ജസ്വലമാണ്. നല്ലവഴികളിൽ അത് ഉപയോഗിക്കപ്പെടുമ്പോൾ ആയത് സമൂഹനന്മയ്ക്കാണ് കാരണമായി തീരുന്നത്. സമസ്ത ലോകത്തിനും ക്ഷേമൈശ്വര്യങ്ങൾ ഭവിക്കുവാൻ ("ലോക സമസ്തോ സുഖിനോ ഭവന്തു") യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ നിമിത്തമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ബഹ്റൈനിലെ നമ്മുടെ ആദ്യ സന്ദർശനത്തിൽതന്നെ ലക്ഷ്യബോധമുള്ള ഒരുകൂട്ടം നല്ല ചെറുപ്പക്കാരെ കാണുവാനും അവരുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കുവാൻ ഇടയായതിലും സന്തോഷമുണ്ട്. "അവൻ നാടുതോറും നന്മ പ്രവർത്തിച്ച് നടന്നു" എന്ന് നമ്മുടെ കർത്താവിനെക്കുറിച്ച് സാക്ഷീകരിച്ചതുപോലെ നന്മ പ്രവർത്തിക്കുന്ന സമൂഹമായി വർത്തിക്കുവാൻ പ. മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ പ്രസ്ഥാനത്തിന് സാധ്യമാകട്ടെ.

ശബ്ദമില്ലാത്തവരുടെ ശബ്ദം സമൂഹത്തിലേക്ക് എത്തിക്കുവാനും ക്രിസ്തുവിന്റെ ദർശനങ്ങൾ ലോകത്തിന് നൽകുവാനും "Youth Voice"ന് സാധിക്കട്ടെ.

മലങ്കരസഭ പ്രത്യേകാൽ അതിൽ സ്ഥാപിതമായ കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ സ്വത്തവും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്ന കാതോലിക്കേറ്റിന്റെ കാവൽഭടന്മാരായി വർത്തിക്കുവാൻ യുവജനപ്രസ്ഥാനത്തിന് തുടർന്നും ഇടയാകട്ടെ.

**മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം; നീണാൾ വാഴട്ടെ**
**കാതോലിക്കേറ്റ്; നീണാൾ വാഴട്ടെ**
**മലങ്കരസഭ ധന്യയായി തീരട്ടെ**

സ്നേഹപൂർവ്വം ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ


അവിടുത്തെ കൃപയാൽ അഹമ്മദാബാദ് മെത്രാസനത്തിന്റെ ബലഹീനനായ

**By His Grace Dr. Geevarghese Yulios**
Metropolitan of the Diocese of Ahmedabad

Kingdom of Bahrain
7th October 2012

Ph: 0792 298 0253(0ff.) Mobile: 0962 446 1457(ADI), 0944 738 3931(KER) & 0988 161 4346(NGP)
**URL: moscad.info E-mail: hgyulios@gmail.com Blog: hgyulios.info**

# വിശ്വാസം പ്രവർത്തിയിൽ വെളിപ്പെടണം.



വിശ്വസിക്കുകമാത്രം ചെയ്യുന്നവരേക്കാൾ വിശ്വാസം പ്രകടമാക്കാൻ പ്രവർത്തിക്കുന്നവരാണ് യഥാർത്ഥത്തിൽ സമൂഹത്തെ സ്വാധീനിക്കുന്നത്. ഒരുവന്റെ വിശ്വാസമെന്തെന്ന് അറിയിക്കാൻ കൂറേ പ്രസംഗങ്ങളൊന്നുമല്ല, ആത്മാർത്ഥമായ പ്രവർത്തിയാണ് ആവശ്യം. പ്രവർത്തി നോക്കിയാണ് വിശ്വാസത്തെ അളക്കേണ്ടത്.

വിശ്വാസവും പ്രവർത്തിയും ചേർന്നുപോകാൻ വേണ്ടത്ര നാം പരിശ്രമിക്കാറില്ല. ഇവിടെയാണ് നാം മുഖം മൂടി അണിയേണ്ടിവരുന്നത്. ഈ ആത്മവഞ്ചന തൂത്തെറിയാതെ സാമൂഹ്യരംഗത്ത് ക്രൈസ്തവ സ്വാധീനംചെലുത്താൻ നമുക്ക് പ്രയാസംതന്നെ. എന്നാൽ വിശ്വാസത്തിനൊത്ത പ്രവർത്തിയിലൂടെ ക്രിസ്തുവിനെ സാക്ഷിക്കുന്ന അവൈദിക-വൈദിക പ്രേഷിതരിലൂടെയാണ് ക്രിസ്തുവിന്റെ ദൗത്യം ലോകത്തിൽ നടത്തപ്പെടേണ്ടത്. രണ്ടായിരം വർഷങ്ങൾക്കുമുൻപ് ജനലക്ഷങ്ങളെ ആശ്വസിപ്പിച്ചുകൊണ്ട് അവർക്ക് ഭക്ഷണം നൽകി, അവരെ സൗഖ്യമാക്കി, അവരെ നയിച്ച യേശുക്രിസ്തുവിന്റെ അതേ ദൗത്യമാണ് തന്റെ പ്രതിപുരുഷരായി കാലത്തിന്റെ ഏതൊരുഘട്ടത്തിലും ഒരു ക്രിസ്ത്യാനിക്ക് നിർവ്വഹിക്കാനുള്ളത്. വെറും മനുഷ്യസ്നേഹത്തിന്റെ മാത്രം പ്രവർത്തനമല്ല, ദൈവസ്നേഹത്താൽ നിറഞ്ഞുകവിയുന്ന ആത്മപ്രചോദനമായിരിക്കണം സാമൂഹ്യ സേവനത്തിന്റെ അടിസ്ഥാനം. ഇപ്രകാരം വിശ്വാസം പ്രവർത്തിയിൽ കൊണ്ടുവരുവാൻ യുവജനങ്ങളായ നമുക്ക് ഓരോരുത്തർക്കും സാധിക്കണം. ഇതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും ഇടയാക്കട്ടെ.

സ്നേഹപൂർവ്വം,
വൈസ്പ്രസിഡന്റ്
റോബി പുന്നൻ

*****

## വയോജന ശക്തി (തുടർച്ച)

ഹത്തിന്റെ ഭാഗമാകുവാൻവേണ്ടി പരിശ്രമിക്കുക. "........... ദുർദിവസങ്ങൾ വരികയും എനിക്ക് ഇഷ്ടമില്ല എന്ന് നീ പറയുന്ന കാലം സമീപിക്കുകയും സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടുപോവുകയും മഴപെയ്തശേഷം മേഘങ്ങൾ മടങ്ങിവരികയും ചെയ്യുംമുമ്പേ തന്നെ" (സഭാ.പ്ര. 12 : 1)

**എല്ലാവർക്കും സ്നേഹോഷ്മളമായ ആശംസകൾ !**

ജേക്കബ് കോശി അച്ചൻ, വികാരി
***ലോകവയോജന ദിനം 2012***

# സെക്രട്ടറിയിൽനിന്നും



കർത്താവിൽ പ്രിയസഹോദരീ സഹോദരങ്ങളെ, കഴിഞ്ഞ ഒമ്പതു മാസത്തെ നമ്മുടെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വളരെ അടുക്കോടും ചിട്ടയോടുംകൂടി മുമ്പോട്ട് കൊണ്ടുപോകുവാൻ സാധിച്ചു എന്നുള്ളത് വളരെ സന്തോഷത്തോടുകൂടി പറയട്ടെ. ഒരോ പ്രസ്ഥാനം അംഗങ്ങളുടെയും ആത്മാർത്ഥമായ സാന്നിദ്ധ്യ സഹകരണവും, പ്രാർത്ഥനയും പ്രസ്ഥാനം പ്രവർത്തനങ്ങളുടെ വിജയത്തിന് കാരണമായ വസ്തുതയാണെന്ന് നിസംശയം ഇവിടെ എടുത്തുപറയട്ടെ.

ജൂൺമാസത്തിൽ ഒവിബിഎസിന്റെ ഫൈനലിൽ ഇന്ത്യൻ സ്കൂളിൽ ഒരു ഫുഡ് കൗണ്ടർ ഇടുവാനും അതിൽകൂടി രുചികരമായ ഭക്ഷണം തയ്യാറാക്കി നൽകുവാനും നമുക്ക് സാധിച്ചു. അതിനുവേണ്ടി സഹായ സഹകരണങ്ങൾ നൽകിയ ഏവരോടുമുള്ള നന്ദി ഹൃദയത്തിന്റെ ഭാഷയിൽ ഇവിടെ അറിയിക്കട്ടെ.

ഈ വർഷത്തെ പ്രസ്ഥാനത്തിന്റെ പ്രധാനപരിപാടികളിൽ ഒന്നായ Monthly Youth Fest കഴിഞ്ഞ മൂന്നുമാസങ്ങളിലും നടത്തുകയുണ്ടായി. ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ ക്വിസ് മത്സരവും ആഗസ്റ്റ് മാസത്തിൽ സിംഗിൾ സോംഗ് മത്സരവും നടത്തി. മത്സരങ്ങളുടെ വൻ വിജയം, പ്രസ്ഥാനം അംഗങ്ങളുടെ ഓരോരുത്തരുടേയും താൽപര്യത്തെ വിളിച്ചറിയിക്കുന്നു. അതിൽ ഭാഗഭാക്കായ എല്ലാവരെയും വിശിഷ്യ ജഡ്ജസ്, ക്വിസ് മാസ്റ്റേഴ്സ് എന്നിവരെ ഈ തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു.

കാതോലിക്കേറ്റ് ശദാബ്തിയോടനുബന്ധിച്ച് പ്രസ്ഥാനത്തിന്റെ ചുമതലയിൽ സെപ്റ്റംബർ 21-തീയതി നടത്തിയ NIKKOS-2012 QUIZ TIME ൽ 6 ടീമുകൾ പങ്കെടുത്തു. അതിന് നേതൃത്വം നൽകിയവരോടും വിജയപഥത്തിലെത്തിച്ച എല്ലാ ടീമുകളോടും കോർഡിനേറ്റുചെയ്ത ശ്രീ. അനോ ജേക്കബിനോടും നന്ദി അറിയിക്കട്ടെ.

പ്രസ്ഥാനത്തിന്റെ യോഗത്തിൽ ഇദംപ്രഥമമായി നടത്തിയ Toast Masters Model Class ന് വന്നുചേർന്ന ഏവർക്കും ഒരു പുതിയ അനുഭവമായി. അത് നയിച്ച YMCA Toast Masters നോടുള്ള കൃതജ്ഞത അറിയിക്കട്ടെ.

കൊയ്നോണിയയിൽക്കൂടി ഈ വർഷം ഇതുവരെ 19 പിഞ്ചുകുഞ്ഞുങ്ങൾക്ക് ശസ്ത്രക്രിയ ചെയ്യുവാനുള്ള തുക നൽകി എന്നുള്ള സന്തോഷവിവരം അറിയിക്കട്ടെ. ഇതിൽ സഹകരിക്കുന്ന എല്ലാ നല്ലമനസുകൾക്കും നന്ദി. തുടർന്നും ഏവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

പ്രസ്ഥാനത്തിന് താങ്ങും തണലും നൽകിക്കൊണ്ടിരിക്കുന്ന പ്രസ്ഥാനം പ്രസിഡന്റ്, ഇടവക മാനേജിംഗ് കമ്മിറ്റി, നല്ലവരായ ഇടവകജനങ്ങൾ, പ്രസ്ഥാനം പ്രവർത്തകർ എന്നിവർക്ക് നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. പ്രസ്ഥാനത്തിന്റെ മുമ്പോട്ടുള്ള പ്രവർത്തനങ്ങൾ സർവ്വശക്തനായ ദൈവത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

എല്ലാ വിശ്വാസികൾക്കും കത്തീഡ്രൽ പെരുന്നാൾ ആശംസകൾ നേർന്നുകൊണ്ട്,

സന്തോഷ് തങ്കച്ചൻ
സെക്രട്ടറി

# ഈ രക്തസാക്ഷിയെ നാം വിസ്മരിക്കുന്നുവോ?

ഫാ.നൈനാൻ ഉമ്മൻ

മലങ്കര ഓർത്തഡോക്സ് സഭാചരിത്രത്തിൽ ഒരു വെള്ളിനക്ഷത്രംപോലെ ശോഭിക്കുന്ന, മലങ്കരസഭ കണ്ടിട്ടുള്ള മഹാരഥന്മാരിൽ അഗ്രഗണ്യനായ മഹാചാര്യൻ, ഗോവയിലെ രക്തസാക്ഷി അഭി. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലിത്താ കാലംചെയ്തിട്ട് 2012 സെപ്റ്റംബർ 23ന് 89 വർഷം പൂർത്തികരിക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ യുവതലമുറയ്ക്ക് പ്രചോദനവും, ആവേശവുമാകേണ്ട, ചരിത്ര വിദ്യാർത്ഥികളുടെ ഗവേഷണ വിഷയമാകേണ്ട, ധന്യമായ വ്യക്തിത്വം...... പക്ഷെ നമ്മുടെ സ്മൃതിപഥത്തിൽനിന്നും ഈ പിതാവ് മാറ്റപ്പെട്ടുവോ?



ചരിത്രകാരന്മാർ അൽവാറിസ് പിതാവിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന പര്യായങ്ങൾ വർണ്ണനാതീതമാണ്. വ്യക്തിപ്രാഭവമുള്ള മഹാനായ ആചാര്യൻ, സർവ്വസംഗപരിത്യാഗി, യഥാർത്ഥ മിഷനറി, ധീരോദാത്ത പത്രപ്രവർത്തകൻ, നിസ്വാർത്ഥ ജനസേവകൻ, വിദ്യാഭ്യാസ വിപക്ഷകൻ, സാമൂഹ്യ പരിഷ്കർത്താവ്, കോളിളക്കം സൃഷ്ടിച്ച വിപ്ലവകാരി, തികഞ്ഞ രാജ്യസ്നേഹി, തൂലിക പടവാളാക്കിയ ധൈര്യശാലി, കർമ്മനിരതനായ ആതുരസേവകൻ, കാരുണ്യത്തിന്റെ അപ്പോസ്തലൻ, വിശുദ്ധനായ മഹാപുരോഹിതൻ........

അൽവാറിസ് പിതാവ് നേരിടേണ്ടിവന്ന കഷ്ടതകൾ...... നാടുവിട്ട് ഓടേണ്ടിവന്ന പ്രവാചകൻ, ചമയ്ക്കപ്പെട്ട കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തി, പുരോഹിതവേഷം നിഷേധിക്കപ്പെട്ട്, അർദ്ധനഗ്നനായി തെരുവിൽകൂടി നടത്തപ്പെട്ടയാൾ, അടിയേറ്റ് കാരാഗ്രഹത്തിലേക്ക് തള്ളപ്പെട്ട പുരോഹിതൻ, ന്യായപീഠം കയറിയ മഹാപുരോഹിതൻ, ഭിക്ഷാപാത്രവുമായി സഹായംതേടിയ അശരണരുടെ അത്താണി, കോളറ, പ്ലേഗ് മുതലായ പകർച്ചവ്യാധികളുടെ കാലത്ത് സ്വന്തം കൈകൊണ്ട് രോഗികളെ പരിചരിച്ച മഹാത്യാഗി, സാധാരണക്കാരന് ലഭിക്കുന്ന ആദരവുപോലും അധികാരികളിൽനിന്നും ലഭിക്കാതിരുന്ന പാവപ്പെട്ടവൻ, ഒരു ക്രിസ്ത്യാനിക്ക് ലഭിക്കേണ്ട ശവസംസ്കാര ശുശ്രൂഷപോലും ലഭിക്കാതിരുന്ന മേൽപ്പട്ടക്കാരൻ, സെമിത്തേരിയും, കല്ലറയും നിഷേധിക്കപ്പെട്ട തിരുമേനി........


മാർ അൽവാറിസിന്റെ ചരിത്രം ഇല്ലാത്ത ഗോവയുടെ ചരിത്രവും, മലങ്കരസഭയുടെ ചരിത്രവും അപൂർണ്ണമാണ്.

സഭാ ഭാസുരൻ, ഭാഗ്യസ്മരണാർഹനായ പ. വട്ടശ്ശേരിൽ തിരുമേനിയുടെ പ്രസംഗങ്ങൾ "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ, അൽവാറിസ് തിരുമേനിയുടെ ഓർത്തഡോക്സ് സഭാവിശ്വാസ തീഷ്ണതയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ചിന്തനീയമാണ്. വിശ്വാസത്തിൽ ഉറപ്പുള്ളവനായിരുന്നു, വാർദ്ധക്യത്തിൽ അദ്ദേഹത്തിന്റെ കിടക്കയ്ക്കരികിൽ ഓർത്തഡോക്സ് വിശ്വാസികൾ ആരും ഉണ്ടായിരുന്നില്ല. ചുറ്റും റോമക്കാർ ആയിരുന്നു. ഹിന്ദുക്കളിലും മറ്റും ഉദ്യോഗത്തിലുംപെട്ട ചിലകൂട്ടുകാർ അദ്ദേഹത്തിനുണ്ടായിരുന്നു. അവരോട് മരണത്തിനുമുമ്പു പറഞ്ഞത്, "ഞാൻ എന്റെ മരണകിടക്കയിൽ കിടക്കുമ്പോൾ വല്ല റോമാപട്ടക്കാരും വന്ന് എന്റെ വിശ്വാസത്തിനെതിരായി എന്നെ ഉപദേശിക്കുമ്പോൾ എന്റെ ക്ഷീണംകൊണ്ടോ മറ്റുവിധത്തിലോ തല അനക്കുകയോ മാറ്റുകയോ ചെയ്താൽ ഞാൻ എന്റെ സഭാവിശ്വാസം ത്വജിച്ചു എന്ന് അവർ കൊട്ടിഘോഷിക്കും. അങ്ങനെ വരാതിരിക്കാൻ നിങ്ങളെ സാക്ഷിയാക്കി ഞാൻ പറയുന്നു, മരണകിട

*(തുടർച്ച ........ പേജ് 10)*

# ഫേസ്ബുക്കിന്റെ മുഖം

**അനു റ്റി കോശി**



''ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു. അതു പറഞ്ഞത്, എഴുതുക, ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതെ അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവർത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു", (വെളിപാട് 14 : 13).

മരണം അതൊരു പ്രപഞ്ച സത്യമാണ്. ജീവനുള്ള ഏതു ജീവിക്കും മരണമുണ്ട്. വി.യോഹന്നാൻ വെളിപാടു പുസ്തകത്തിൽ സാക്ഷീകരിച്ചതു പോലെ നമ്മുടെ പ്രവർത്തികളിൽ നിന്ന് ഒരു ദിനം നാം വിശ്രമത്തിലേക്ക് കടക്കും. ആ വിശ്രമ ജീവിതം നമ്മുടെ കർത്താവിൽ ആയിരിപ്പാൻ നമുക്കു കഴിയുമോ? കഴിയണമെങ്കിൽ നമ്മുടെ പ്രവർത്തികൾ അവനിലേക്കുള്ള വഴികളായിരിക്കണം. എന്തെന്നാൽ നമ്മുടെ പ്രവർത്തികൾ നമ്മെ പിന്തുടരും. ആത്മാവും ശരീരവും കൂട്ടിയിണക്കപ്പെട്ട ഒരു അത്ഭുത പ്രതിഭാസമാണ് മനുഷ്യൻ. അമർത്യത എന്ന ദിവ്യ ദാനവും അതോടൊപ്പം സ്വാതന്ത്ര്യവും അവന് നൽകപ്പെട്ടുവെങ്കിലും, ലഭിച്ച സ്വാതന്ത്ര്യം അവൻ ദുർവിനിയോഗം ചെയ്തു. ആദം കൽപന ലംഘിച്ചപ്പോൾ ആ ദിവ്യദാനം മനുഷ്യ വംശത്തിന് നഷ്ടമായി. അങ്ങനെ എല്ലാ മനുഷ്യരും മരണത്തിന് അധീനരായി. വി. പൗലോസ് പറയുന്നു. "ഒരു മനുഷ്യൻമൂലം പാപവും; പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു". (റോമ. 5 : 12). നമ്മുടെ പ്രവൃത്തികൾ ഒന്നുവിശകലനം ചെയ്തു നോക്കു.

ലോകം അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിന്റെ നല്ല അംശങ്ങളെ തെരഞ്ഞെടുക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ? ചിന്തിക്കുക. സോഷ്യൽ നെറ്റ്വർക്കുകളിലൂടെ നമ്മുടെ എല്ലാ പ്രവൃത്തികളും നാം തന്നെ ലോകത്തിന് കാണിച്ചുകൊടുക്കുന്നു. ജീവിതത്തിലെ ഉയർച്ചകളും ആഘോഷങ്ങളും മാത്രം നാം മറ്റുള്ളവരുടെമുമ്പിൽ തുറന്നുകാട്ടുവാൻ ശ്രമിക്കുന്നു. ഇതുകാണുന്ന ഏവരും അതാണ് ശരിയെന്ന് അഭിപ്രായം പറയുന്നു. ചെറിയ നിരാശകൾ വരുമ്പോൾ തളർന്നുപോവുകയും അത് പിന്നീടുള്ള ജീവിതത്തെ ബാധിക്കുകയും ചെയ്യുന്നു. ആത്മഹത്യചെയ്യുന്ന കാമുകിയെ വെബ് കാമിലൂടെ കാണിക്കുവാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന ഒരുസമൂഹമാണ് നമുക്കു ചുറ്റും. എങ്ങനെ ഇതിൽനിന്നും നമുക്കും നമ്മുടെ തലമുറകൾക്കും രക്ഷനേടാനാവും.

''ഫേസ്ബുക്ക്'' പോലെയുള്ള സോഷ്യൽ നെറ്റ് വർക്കുകളുടെ നല്ലവശങ്ങളെ കാണാതിരിക്കുവാനും കഴിയില്ല. സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ഭരണമാറ്റം ഉൾപ്പടെയുള്ള സാമൂഹിക ക്രമത്തിന് തുടക്കമിടുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വിസ്മരിക്കാവുന്നതല്ല. സോഷ്യൽ നെറ്റ്വർക്കുകളിലൂടെയാണെങ്കിൽപോലും അഭിപ്രായങ്ങൾ തുറന്നുപറയുവാൻ ആർജ്ജവം കാണിക്കുന്ന എത്രപേരുണ്ട്? മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി അഭിപ്രായം പറയുവാൻ ശ്രമിക്കുന്നവരാണ് നാം ഏവരും. എന്നാൽ അഭിപ്രായസ്വാതന്ത്ര്യം മറ്റുള്ളവരുടെമേൽ കുതിരകയറാനുള്ളതല്ല എന്നൊരു മറുവശവും ഇതിനുണ്ട്.

സോഷ്യൽ സൈറ്റുകളിലൂടെ രാജ്യങ്ങൾക്കും, ഭൂഖണ്ഡങ്ങൾക്കും അപ്പുറമുള്ളവരുടെ സന്തോഷങ്ങൾ നാം പങ്കിടുന്നു. എന്നാൽ തൊട്ടടുത്തു ജീവിക്കുന്നവന്റെ സങ്കടം നാം കാണാതെപോകുന്നു. ഇവിടെയാണ് നമുക്ക് നമ്മുടെ മുഖം നഷ്ട

പ്പെടുന്നത്. 'ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. ബലിയല്ല; കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്'. യേശുവിന്റെ ദിവ്യവചനങ്ങളുടെ പ്രസക്തി ഇവിടെയാണ്.

രണ്ടാംലോകമഹായുദ്ധകാലത്ത് അറേബ്യയിലെ മരുഭൂമിയിലൂടെ രക്ഷപെട്ടോടിയ ഒരു സൈന്യാധിപന്റേയും തന്റെ പടയാളികളുടെയും കഥ വായിച്ചത് ഓർക്കുന്നു. അതിഭയങ്കരമായി വീശിയടിക്കുന്ന മണൽകാറ്റിലൂടെ സഞ്ചരിക്കുകയായിരുന്നു അവർ. കൂടാതെ അതികഠിനമായ ചൂടും. നിശ്ചയമില്ലാത്ത വഴിയിലൂടെ പ്രാണനുംകൊണ്ട് രക്ഷപെട്ടോടുകയാണ്. ഏറിയദൂരം പിന്നിട്ടപ്പോഴാണ് അവർക്കുമനസ്സിലായത്; മണൽക്കാറ്റിൽപെട്ട് തങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരുപടയാളിയെ കാണാനില്ല എന്നുള്ള സത്യം. എന്തുചെയ്യുമെന്നറിയാതെ വിഷമിച്ചുനിന്നുപോയി അവർ. കൊടുംചൂടും ഒപ്പം മണൽക്കാറ്റും. എവിടെയാണ് അയാൾ വീണതെന്നറിയില്ല. തിരികെ അന്വേഷിച്ചുപോവുക എന്നുള്ളത് ഏറെ ദുഷ്ക്കരവുമാണ്. 'ഒന്നിനുംകൊള്ളാത്ത ഒരാളാണവൻ' അവരിൽ ഒരാൾപറഞ്ഞു. 'അയാൾ രോഗിയാണ്, മറന്നേക്കുക' മറ്റൊരാൾ തുറന്നടിച്ചു. എന്നാൽ രോഗിയായ അയാളെ മരുഭൂമിയിൽ ഉപേക്ഷിച്ചുപോകുവാൻ പട്ടാളമേധാവിക്ക് മനസ്സുവന്നില്ല. അന്വേഷിച്ചപോകുന്നത് സാഹസമാണെന്നറിയാമെങ്കിലും അയാൾ ഏകനായി അന്വേഷിച്ചിറങ്ങി. തിരികെ കിലോമീറ്ററുകളോളം യാത്ര ചെയ്ത് ഒടുവിൽ അയാളെ കണ്ടെത്തി. ബലഹീനനായ ആ പടയാളിയെ കൂട്ടിക്കൊണ്ട് തന്റെ കൂട്ടാളികളുടെ അടുക്കൽ എത്തിച്ചേർന്നു. ഇത് മറ്റുള്ളവർക്ക് തങ്ങളുടെ മേധാവിയോടുള്ള സ്നേഹവും ബഹുമാനവും വർദ്ധിപ്പിക്കുവാൻ ഇടയാക്കി. ശരിയായ ഒരു നേതാവിന്റെ നേതൃഗുണം അദ്ദേഹം പ്രകടമാക്കി. ഇവരിൽ ആരുടെ ചിന്തയാണ് നമുക്കുള്ളത്. ആലോചിക്കുക.

***സോഷ്യൽ നെറ്റ്‌വർക്കുകളിലൂടെയാണെങ്കിൽപോലും അഭിപ്രായങ്ങൾ തുറന്നുപറയുവാൻ ആർജ്ജവം കാണിക്കുന്ന എത്രപേരുണ്ട്? മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി അഭിപ്രായം പറയുവാൻ ശ്രമിക്കുന്നവരാണ് നാം ഏവരും. എന്നാൽ അഭിപ്രായസ്വാതന്ത്ര്യം മറ്റുള്ളവരുടെമേൽ കുതിരകയറാനുള്ളതല്ല എന്നൊരു മറുവശവും ഇതിനുണ്ട്.***

വിശാലമായ ഈ ലോകത്ത് വലിയമാറ്റങ്ങൾ ഒന്നും വരുത്തുവാൻ യുവജനങ്ങളായ നമുക്ക് കഴിയില്ലെങ്കിലും ചെറിയ ചെറിയ പ്രവർത്തനങ്ങളിലൂടെ സന്തോഷം കണ്ടെത്തുവാൻ നമുക്ക് സാധിക്കണം. ഒപ്പം നമ്മുടെ കൂടെയുള്ളവരെക്കൂടി പരിഗണിക്കണം. രക്ഷ സകലജാതികൾക്കും നൽകുവാനാണ് യേശുക്രിസ്തു വന്നത്. ഓർക്കുക, നമ്മുടെ പ്രവർത്തികൾ മരണശേഷവും നമ്മെ പിന്തുടരും.

✱✱✱✱✱

---

**ഈ രക്തസാക്ഷിയേ നാം ........ (തുടർച്ച)**


ക്കയിൽപോലും എന്റെ വിശ്വാസത്തെ ഞാൻ ഉപേക്ഷിക്കുകയില്ല. ഇതിനെതിരെ എന്തെങ്കിലും ഉണ്ടായാൽ നിങ്ങൾ സാക്ഷികളാകുന്നു." നാം മറക്കുമോ ഈ വ്യക്തിത്വത്തെ?

റോമൻ കത്തോലിക്കാ വിശ്വാസം ത്യജിച്ച് ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ച് അന്ത്യശ്വാസംവരെ മലങ്കര സഭയ്ക്കുവേണ്ടി നിലകൊണ്ട വിശ്വാസധീരനായി ജീവിച്ച് ഓർത്തഡോക്സ് സഭയുടെ ആദ്യ ബഹ്യകേരള ഭദ്രാസനമെത്രാപ്പോലിത്തയെ മലങ്കരയുടെ മക്കൾക്ക് വിസ്മരിക്കാനാകില്ല. പ്രിയ യുവജനങ്ങളെ, നമുക്ക് മാർഗ്ഗദീപവും, കരുത്തും, ആവേശവുമായി അൽവാറിസ് പിതാവ് നിലകൊള്ളുന്നു. ഇതാ നിങ്ങൾക്കുമുമ്പിൽ ക്രിസ്തുവെന്ന വിശുദ്ധവഴിലേക്ക് ചേർന്ന് ഒരു പാത ആ പിതാവ് ഒരുക്കിയിരിക്കുന്നു.

**സ്മരിക്കാം ...... അനുകരിക്കാം......**




Youth Fest Quiz Competition Winners (Kidron Team)




Quiz Competition




Quiz Competition



Speech by Rev. Fr. Sam Thankachan




Youth Fest Single Song Winners (Eschol Team)



Youth Fest Single Song Competition

Mar Pakkomiose Anusmaranam





Youth Voice Quiz winner April Edition





Catholicate Centinery Quiz Nikose 2012 Inaguration By Prof. Jacob Kurian Onattu



Catholicate Centinery Quiz Competition Winners (First)

Catholicate Centinery Quiz Competition Winners (Second)


Catholicate Centinery Quiz Competition Winners (Third)



Catholicate Centinery Quiz Nikose 2012



Catholicate Centinery Quiz Nikose 2012



Toastmasters Class



## ആശംസകൾ ...





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയംശീർഷകത്വത്തിന്റെയും അതുല്യപ്രതീകമായ കാതോലിക്കാ സിംഹാസനത്തിന്റെ പുന:സ്ഥാപന ശതാബ്ദിയാഘോഷങ്ങളുടെ ഈ അവിസ്മരണീയ മുഹൂർത്തത്തിൽ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ

**മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ ബാവാ**

തിരുമേനിക്ക് ആയിരമായിരം പ്രാർത്ഥനാമംഗളങ്ങൾ ഭക്ത്യാദരപൂർവ്വം ആശംസിക്കുന്നു.

കാതോലിക്കാസിംഹാസനം നീണാൾ വാഴട്ടെ!

സെന്റ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ
കിംഗ്ഡം ഓഫ് ബഹറിൻ







**Speech by H.G. Dr. Geevarghese Mar Yulios**

**Youth fest Quiz Competition Winners (Elah Team)**





**OVBS Food Counter (Thattukada)**



## *In Loving Memory*

**Sosamma Varghese**
M/o Saji Varghese





## New Born Babies



**Maurin Mariam Moncy**
D/o Rini Moncy &
Moncy Varghese



**Merick Jacob Moncy**
S/o Rini Moncy &
Moncy Varghese



**Jerome Mathew Justin**
S/o Justin &
Gincy Justin




**Darren Oommen Jinu**
S/o Jinu Varghese &
Rini Jinu



**Aime Mol**
D/o Sam Philip &
Susan Sam



**Heshel Rose Jeemson**
D/o Jeemson &
Deepthi Jeemson



**Lyra Elizabeth Binu**
D/o Binu Pappachen &
Sheeba Binu



# സമകാലിക ലോകക്രമം

ജോർജ്ജ് വർഗ്ഗീസ്

**പന്തളം എമിനൻസ് സ്കൂളിൽ വെച്ച്നടന്ന അഖിലമലങ്കര യുവജന പ്രസ്ഥാനം 2012ലെ വാർഷിക കോൺഫറൻസിനോടനുബന്ധിച്ച് ഉളനാട് സെന്റ് ജോൺസ് യൂത്ത് മൂവ്മെന്റ് സംഘടിപ്പിച്ച ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ അഖില മലങ്കര പ്രബന്ധ രചനാ മത്സരത്തിൽ രണ്ടാം സമ്മാനം നേടിയ ലേഖനം.**

## ഒരു അഹിംസാത്മക വിശകലനം

ഈ ഭൂമിയോടും സർവ്വ ചരാചരങ്ങളോടും, സർവ്വോപരി മനുഷ്യനോടും സ്നേഹവും നീതിയും വെച്ചുപുലർത്തുന്ന ഒരു ശരാശരി മനുഷ്യൻ അല്പം ഭീതിയോടുകൂടിതന്നെയാണ് സമകാലിക ലോകക്രമത്തെ നോക്കിക്കാണുന്നത്. ശാസ്ത്ര സാങ്കേതിക വിദ്യകൾ അനസ്യൂതമായി വളരുകയും, മനുഷ്യന്റെ ഭൗതിക മണ്ഡലം വികസിക്കുകയും ചെയ്യുന്നുവെന്ന് അല്പം അഹങ്കാരത്തോടുകൂടി നാം ജല്പനം ചെയ്യാറുണ്ട്. ഈ വികാസ പരിണാമ പ്രക്രിയകൾ അധീശത്വത്തിനും, അടിച്ചമർത്തലിനും വേണ്ടി ഉപയോഗിക്കപ്പെടുന്നു എന്നതാണ് പരമമായ സത്യം. ഇവിടെയാണ് ഈ വിഷയത്തിന്റെ പ്രസക്തി ചർച്ചചെയ്യപ്പെടുന്നത്. സാമാന്യനീതി അന്യമായി തീരുകയും, മനുഷ്യൻ തന്റെ സത്വത്തിൽനിന്ന് താഴ്ന്ന് ഒരു ഉപയോഗ വസ്തുവായി തരംതാഴ്ത്തപ്പെടുകയും ഭൂരിപക്ഷം ന്യൂനപക്ഷങ്ങളാൽ ചവിട്ടിയരക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ നാം വിവേകമുള്ള മനുഷ്യൻ എന്ന് മൃഗങ്ങളിൽ നിന്ന് വിഭിന്നമായി അറിയപ്പെടുവാൻ യോഗ്യതയുള്ളവരല്ല.

മനുഷ്യന്റെ വ്യക്തിപരവും സാമൂഹ്യപരവും സാംസ്കാരികവും, വിദ്യാഭ്യാസ പരവും, സാമ്പത്തിക പരവുമായ വ്യത്യസ്ഥ വീക്ഷണ കോണിലൂടെ ഈ വിഷയത്തെ സമീപിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ സാമൂഹ്യജീവിയാണെന്ന് അവകാശപ്പെടുമ്പോൾതന്നെ സമൂഹത്തെ മറന്ന് വ്യക്തികളായും അണുകുടുംബങ്ങളായും ചുരുക്കപ്പെടുകയും, ഉൾവലിയപ്പെടുകയും, സ്വാർത്ഥത ഒരളവിൽ കവിഞ്ഞ് മനുഷ്യജീവിതത്തെ ഗ്രസിക്കുകയും ചെയ്യുന്ന അവസ്ഥാ വിശേഷമാണ് നമുക്കു ചുറ്റിലുമുള്ളത്.

നിലനിൽക്കുക എന്നതിനുമപ്പുറത്ത് ധാരാളിത്വത്തോടെ നിലനിൽക്കുകയും വർത്തിക്കുകയും ചെയ്യുക എന്ന തത്വശാസ്ത്രം സമൂഹത്തിൽ നടമാടുമ്പോൾ അതിന്റെ പ്രത്യാഘാതം കിരാത ഹിംസാത്മകതയിൽ എത്തിനിൽക്കുന്നു. സ്നേഹത്തിലും കരുണയിലുമല്ല മറിച്ച് സാമ്പത്തിക ഉന്നമനത്തിന് വേണ്ടി സ്വയം മറക്കുകയും വിവേകത്തിനുമപ്പുറത്ത് ബുദ്ധിയുടെ അടിമകളായി എന്തും ചെയ്യാനുള്ള വ്യഗ്രതയുമാണ് നമ്മെ ഭരിക്കുന്നത്.

## വ്യക്തിപരമായ പശ്ചാത്തലങ്ങൾ

അനേകം വ്യക്തികളടങ്ങുന്ന ഒരു കൂട്ടമാണ് സമൂഹമായി നിലനിൽക്കുന്നത്. വ്യക്തിപരമായ ജീവിത വീക്ഷണങ്ങൾ പലപ്പോഴെങ്കിലും വ്യക്തികളിൽ ഒതുങ്ങാതെ അതിന്റെ ചലനങ്ങൾ സമൂഹത്തിലേക്കും ഇറങ്ങിച്ചെല്ലും എന്നതിൽ തർക്കമില്ല. സമകാലിക ജീവിതത്തിന്റെ ശുഭകരവും അല്ലാത്തതുമായ താളക്രമങ്ങളിൽ ചഞ്ചലിതരാകാതെ സ്വയം ചിന്തിക്കുകയും ബുദ്ധിയോടൊപ്പം വിവേചന ശക്തിയും സ്വായക്തമാക്കുവാൻ എല്ലാ മനുഷ്യർക്കും കഴിയണം. അഭിമാനത്തോടു

കൂടിയുള്ള ജീവിതം കാംക്ഷി ക്കുന്നവർ അതിനുവേണ്ടി അഭിമാനകരമല്ലാത്ത പ്രവണതകളിലേക്ക് അധ:പ്പതിക്കുകയാണ്. ബന്ധങ്ങളിലെ ചടുലതയും താളവും, മാനദണ്ഡങ്ങളും മറന്ന് സ്വാർത്ഥ താല്പര്യങ്ങളിൽ മുങ്ങിക്കുളിക്കുന്ന മനുഷ്യരിൽ അഹിംസാത്മകതയ്ക്ക് സ്ഥാനമില്ല. ഇവിടെ നാം സ്വയം ചിന്തിക്കുകയും സ്വന്തം വ്യക്തിജീവിത ത്തോടും ഒപ്പം സമൂഹത്തോടുമുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാകു കയും ചെയ്യണം. വ്യക്തിതാത്പര്യങ്ങൾക്കു മപ്പുറത്ത് അപരന്റേയുംകൂടി അവകാശങ്ങൾ സംരക്ഷിക്ക പ്പെടേണ്ടത് തന്റേയും ഉത്തരവാദിത്വമാണെന്ന് നാം തിരിച്ച റിയണം. സ്വാർത്ഥതയുടെ മൂർദ്ധന്യാ വസ്ഥ യിലല്ല മറിച്ച് അന്യന്റെ സന്തോഷത്തിൽ സ്വയം നിറയാനും ആത്മനിർവൃതിയട യാനും നമുക്കു കഴിയുമ്പോൾ അത് അഹിംസാത്മകത യിലേക്കുള്ള ആദ്യ ചുവടുവെയ്പ്പായി മാറും.

## സാംസ്കാരികം

മൂല്യങ്ങളിൽ അധിഷ്ഠിതമായ സാമൂഹ്യജീവിതമാണ് ഏതൊരു കൂട്ടത്തി ന്റേയും സമാധാനപരമായ നിലനിൽപ്പിന്റെ മുതൽക്കൂട്ട്. ജീവിതമൂല്യ ങ്ങളുടെ അളവു കോൽ മനുഷ്യചിന്തയിൽ വ്യത്യസ്തങ്ങളാ യിരിക്കാമെങ്കിലും ആത്യന്തികമായി സാമൂഹ്യമായ അന്ത: സത്തകൾ കാത്തു സൂക്ഷിക്കാൻ നാം ഏവരും ബാദ്ധ്യസ്ഥ രാണ്. അതിനെ തിരെയുള്ള ഏതൊരു ആക്രമണവും അതുമൂലമുണ്ടാകുന്ന അധ:പ്പതനവും നന്മക്കു മുകളിൽ തിന്മ നടത്തുന്ന സാംസ്കാരികമായ അധിനി വേശം കൂടിയാണ്. കുത്തഴിഞ്ഞ സാമൂഹ്യ വ്യവസ്ഥിതിക്ക് കാരണമാകുന്ന സാംസ്കാ രിക അധിനിവേശങ്ങൾക്കെതിരെ ജാഗരൂ കരായിരിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. സമകാലിക ജീവിതത്തിൽ ഒഴുക്കിനൊപ്പമല്ല മറിച്ച് ഒഴുക്കിനെതിരെ നീന്താൻ കഴിയണം. ധർമ്മച്യുതിക്ക് കാരണമാകുന്ന പ്രവണത കൾ തുടച്ചെറിയാൻ നമ്മുടെ സാംസ്കാരിക പശ്ചാത്തലം സ്വയം ഒരുക്കുകയും സ്വയം തിരിച്ചറിയുകയും ചെയ്യണം. പാശ്ചാത്യ മാണെങ്കിലും പൗരസ്ത്യമാണെങ്കിലും കുത്തഴിഞ്ഞ സാമൂഹ്യപരിസ്ഥിതി ഒരു സമൂഹത്തിനും ഗുണംചെയ്യുകയില്ല.

ജീവനുനേരയുള്ള അതിക്രമ ങ്ങളാണ് നമുക്കുചുറ്റിലും. ദൈവംനൽകിയ ദാനം നിഷ്കരുണം പൂനുള്ളുന്നതു പോലെ നുള്ളിയെടുക്കാൻ മനുഷ്യന് ഒരുമടിയുമില്ല. അതിന്റെ കാരണങ്ങൾ പലതുമാകാം. പ്രണയബന്ധങ്ങൾ, കുടുംബ ശൈഥില്യം, രാഷ്ട്രീയ വൈരങ്ങൾ, സാമ്പത്തിക തർക്കങ്ങൾ, അസൂയ അങ്ങനെ പട്ടിക നീണ്ടതാണ്. സ്വജീവനെപ്പോലെ സ്നേഹി ക്കേണ്ട അന്യന്റെ പ്രാണനെ കണ്ണടച്ചു കാർന്നെടുക്കുന്ന സമകാലിക മനുഷ്യനെ നാം എന്തുവിളിക്കണം. ഹിംസാത്മകത നമ്മെ ഒരു വ്യാളിയെ പ്പോലെ വരിഞ്ഞു കെട്ടിയിരിക്കുന്നു. ലാഭം മാത്രമാണ് ലക്ഷ്യം. അവിടെ ബന്ധങ്ങ ൾക്കും പ്രത്യയശാസ്ത്ര ങ്ങൾക്കും, പാലിക്കപ്പെടേണ്ട സാമാന്യ തത്വങ്ങൾക്കും സ്ഥാനമില്ല.

## സാമ്പത്തിക പശ്ചാത്തലം

ഒരുപക്ഷേ ഈ വർത്തമാനകാല ഘട്ടത്തിൽ ശരാശരി മനുഷ്യൻ ഏറ്റുവു മധികം ഉത്ക്കണ്ഠപ്പെടുന്ന ഒരു രംഗമാണ് സാമ്പത്തിക രംഗത്തെ സ്വയം പര്യാപ്തത. നാലാൾക്കൊപ്പം എന്നചൊല്ല് അന്വർത്ഥ മാക്കുവാൻ കാട്ടികൂട്ടുന്ന കോപ്രായങ്ങൾ പലതാണ്. അദ്ധ്വാനിക്കുകയും വിയർപ്പാടെ അപ്പം ഭക്ഷിക്കുകയും ചെയ്യുക എന്ന സാമാന്യതത്വം എല്ലാവരും മറന്നു പോയിരിക്കുന്നു. ചുരുങ്ങിയ സമയത്തി നുള്ളിൽ കൂടുതൽ വരുമാനം എന്നതാണ് വർത്തമാനകാല ലക്ഷ്യം. അതിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാതെ മനുഷ്യൻ അധ:പ്പതിച്ചുകൊണ്ടിരിക്കുന്നു. മത്സരത്തെ അതിജീവിക്കാൻ ത്രാണിയില്ലാതെ മദ്യപാനത്തിലേക്കും, ആത്മഹത്യയി ലേക്കും മറിഞ്ഞുവീഴുന്ന ചിത്രം നമുക്കു ചുറ്റും സുലഭമാണ്. ജീവിതനിലവാരത്തിന്റെ

അളവുകോൽ ഭൗതിക ജീവിത സാഹചര്യങ്ങളാണെന്ന് ചിന്തിക്കുകയും അതിനനുസരിച്ച് മാനുഷിക മൂല്യങ്ങളെ മറന്നു ജീവിക്കുന്ന ആധുനിക മനുഷ്യൻ തെറ്റിൽനിന്ന് തെറ്റിലേക്ക് വഴിതെറ്റി പോകുന്നു.

വ്യക്തികൾ, സമൂഹങ്ങൾ, സ്റ്റേറ്റുകൾ രാഷ്ട്രങ്ങൾ ഇവയിലേ തെടുത്താലും കഥ വ്യത്യസ്ഥമല്ല. മണ്ണും, ജലവും, ഭൂമിയും, പണവുമൊക്കെ ചിലരുടെ മാത്രം കുത്തകയാണെന്നും മറ്റുള്ളവർക്ക് അതിനർഹതയില്ലെന്നും ചിന്തിച്ചു കൊണ്ടാണ് പല ലോകരാഷ്ട്രങ്ങളും നയപരിപാടികൾ രൂപീകരിക്കുന്നത്. സമത്വം ഇല്ലാതാക്കുകയും സാമ്പത്തിക അധിനിവേശത്തിലൂടെ വരുതിയിലാക്കു കയും ചെയ്യുക എന്നതാണ് അപ്രഖ്യാപിത മായ ലക്ഷ്യം. സമ്പന്നരാഷ്ട്രങ്ങൾമാത്രം സമ്പന്നരാകുകയും, മൂന്നാം ലോകമെന്നും, നാലാം ലോകമെന്നും ഓമനപ്പേരിട്ടു വിളിക്കുന്ന രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യ ങ്ങളിൽ ഇടപെട്ട്, അവയെ സ്വയംപര്യാ പ്തതയിൽനിന്നും തടയുക എന്നതാണ് പുതിയ ലോകക്രമത്തിന്റെ ലക്ഷ്യം.

## സാമൂഹ്യ നീതി

മനുഷ്യവർഗ്ഗം മുഴുവൻ ഒന്നാണെന്നും അവരുടെ ആവശ്യങ്ങൾക്ക് ഏറെക്കുറെ ഏകസ്വഭാവമാണെന്നും നമുക്ക് മനസിലാക്കാം. ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങൾ ഏതൊരു മനുഷ്യന്റേയും ജീവിതത്തിൽ നിന്ന് മാറ്റിനിർത്തുവാൻ കഴിയുകയില്ല. ഇവിടെയാണ് സാമൂഹ്യനീതിയുടെ പ്രസക്തി നിറഞ്ഞുനിൽക്കുന്നത്. എവിടെയായിരുന്നാലും, ഏതൊരു ഭരണവ്യവസ്ഥയിലായിരുന്നാലും സാമൂഹ്യനീതി പുലരേണ്ടത് അത്യാവ ശ്യമാണ്. സാമൂഹ്യനീതി ഉറപ്പാക്കേണ്ടത് ഭരണകൂടങ്ങളുടെ കർത്തവ്യമാണ്. ഭരണകൂടം നിഷ്പ്രഭരാകുകയും കോർപ്പറേറ്റുകൾ രാജ്യംഭരിക്കുകയും ചെയ്യുമ്പോൾ ശരാശരി മനുഷ്യന്റെ മജ്ജയും മാംസവും കൊത്തിയെടുക്കുന്ന അവസ്ഥാവിശേഷമാണ് സംജാതമാകുന്നത്. അവിടെ പ്രതികരിക്കുന്നവർ ചവിട്ടിയരക്ക പ്പെടുകയും പ്രതികരണശേഷി നഷ്ടപ്പെട്ട വർ സ്വയം ഉൾവലിയപ്പെടുകയും ചെയ്യുന്നു.

ഭരണവർഗ്ഗവും, ഭരിക്കപ്പെടു ന്നവരും തമ്മിലുള്ള അന്തരം കൂടിവരികയും, കടമകൾ മറന്ന് ഭരണ കർത്താക്കൾ സമ്പ ന്നർക്ക് വേണ്ടി ഓശാന പാടുകയും ചെയ്യുന്ന നിലയിലേക്ക് ഭരണസംവിധാ നങ്ങൾ മാറ്റപ്പെടുന്ന അവസ്ഥാവിശേഷ മാണ് നമുക്ക് ചുറ്റിലുമുള്ളത്. ഇവിടെ സാമൂഹ്യനീതിക്ക് പ്രസക്തി നഷ്ടപ്പെടുന്നു. ഈ ഭൂമിയും ഇവിടെ ദൈവം കനിഞ്ഞുനൽകിയിരിക്കുന്ന എല്ലാംതന്നെ എല്ലാവർക്കും അവകാശ പ്പെട്ടതാണെന്ന് ഓർക്കാത്ത ഭരണ സംവിധാനങ്ങൾക്ക് നിലനിൽക്കാൻ അവകാശമില്ല.

(തുടരും.......)

*****

# YOUTH VOICE PUZZLE ANSWERS


| ACROSS | DOWN |
|---|---|
| 1. CHRIST | 1. HAGAR |
| 6. GOSPEL | 2. ABSALOM |
| 8. ARM | 4. IMAGE |
| 9. LEBBAEUS | 5. TIMES |
| 10. COMMUNION | 7. LABAN |
| 13. JESUS | 10. CONCEIVE |
| 15. EARTH | 11. INSPIRED |
| 16. IDOL | 12 HARP |
| 17. EAT | 13. JOHN |
| 18. EGYPT | 14.SHORT |

***കഴിഞ്ഞ ലക്കത്തിലെ വിജയി***

***ഷിജു കെ ഉമ്മൻ***

*****

# ക്രിസ്ത്യാനിയുടെ ജീവിതം



ബോണി മുളപ്പാംപള്ളിൽ

**എ**ന്റെ നാമം നിമിത്തം നിങ്ങൾ സർവ്വരാലും ദ്വേഷിക്കപ്പെടും. അവസാനം വരെ സഹിച്ചുനിൽക്കുന്നവനോ ജീവിക്കും. (മത്തായി 10-22) നമ്മുടെ രക്ഷകനായ കർത്താവ് തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്തതിനുശേഷം അവരെ സുവിശേഷം അറിയിക്കുന്നതിനുവേണ്ട അധികാരം നൽകി പറഞ്ഞയയ്ക്കുന്ന അവസരത്തിൽ അവർക്കു നൽകുന്ന താക്കീതാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. താൻ പഠിപ്പിച്ചതുപോലെ അവർ ലോകത്തിന്റെ നാനാഭാഗത്ത് ചുറ്റിസഞ്ചരിച്ച് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു. അവർക്ക് ധാരാളം കഷ്ടതകളും യാതനകളും സഹിക്കേണ്ടിവന്നു. അപ്പോഴെല്ലാം അവരെ ധൈര്യപ്പെടുത്തിയത് മുകളിൽ ഉദ്ധരിച്ചവചനങ്ങളാണ്. മരണം മുമ്പിൽ നിൽക്കുമ്പോൾപ്പോലും അവർ ശാന്തരായി നാഥൻ അവരെ ഏൽപിച്ച ദൗത്യം നിറവേറ്റാൻ അൽപ്പംപോലും മടികാട്ടിയില്ല.

അപ്പോസ്തലനായ പൗലോസ് തന്റെ ലേഖനങ്ങളിൽ പലതും എഴുതിയത് കാരാഗൃഹത്തിൽ കിടന്നുകൊണ്ടാണ്. കാരാഗൃഹത്തിൽ കിടന്നു പാടിസ്തുതിച്ചുകൊണ്ടാണ് അപ്പോസ്തൊലനായ പൗലോസ് ദൈവത്തെ മഹത്വപ്പെടുത്തിയത്. ഈ അചഞ്ചലമായ വിശ്വാസവും പ്രത്യാശയുമാണ് പലരെയും പൗലോസിലേക്ക് ആകർഷിച്ചത്. പടർന്നുപന്തലിച്ച് ഇത് ലോകംമുഴുവൻ വളരുവാൻ സഹായിച്ചത് പരിശുദ്ധാത്മാവിന്റെ നിറവിലുള്ള അവരുടെ പ്രവർത്തനങ്ങൾ ആണ്. അതുകൊണ്ട് എങ്ങനെയാണ് ഒരു ക്രിസ്തീയ വിശ്വാസി ജീവിക്കേണ്ടത് എന്ന് നാം പരിശോധിക്കുന്നത് നല്ലതായിരിക്കും.

ഒന്നാമതായി നാം നമ്മുടെ ശരീരങ്ങളെ ജീവനുള്ള ദൈവത്തിന് ബുദ്ധിപൂർവ്വകമായ ശുശ്രൂഷക്കായി ജീവനുള്ളതും പരിശുദ്ധവും, ദൈവത്തിന് സ്വീകാര്യവുമായ ബലിയായി സമർപ്പിക്കണം. (റോമർ 12 : 1-2). നമ്മുടെ ബലി അഥവാ പ്രവർത്തനം ജീവനുള്ളതായിരിക്കണം. ആത്മാർത്ഥവും ശുഷ്കാന്തിയും ഉള്ള പ്രവർത്തനം പരിശുദ്ധാത്മ നിറവിനും ജീവനുള്ളതാകം. അത് വളരുകയും ഫലം പുറപ്പെടുവിക്കുന്നതും ആയിരിക്കും. മുപ്പതും അറുപതും നൂറും മേനി ഫലം അത് പുറപ്പെടുവിക്കും. അതുകൊണ്ട് എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളും ജീവനുള്ളതായിരിക്കണം. അല്ലാതെ നിർജ്ജീവമായിരിക്കരുത്. കൂടാതെ ആ ശരീരങ്ങൾ പരിശുദ്ധമായിരിക്കണം. അവന്റെ കൽപ്പനകൾ ആചരിക്കുന്നവരും, ഇഷ്ടം നിറവേറ്റുന്നവരും ആയിരിക്കണം. അതുകൊണ്ട് നാം ആത്മീകവിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതാണ്. കൂടാതെ അവന്റെ വചനങ്ങൾ പഠിക്കുന്നവരും ആയിരിക്കണം. അതുകൊണ്ടാണ് നമ്മെ വിശുദ്ധീകരിക്കുന്നത് വിശുദ്ധ കൂദാശകളും തിരുവചനങ്ങളും ആണ്.

നമ്മുടെ ശരീരങ്ങൾ ദൈവത്തിനു സ്വീകാര്യമായിരിക്കണം. വി.മറിയാമിനെപ്പോലെ വിനയമുള്ളവരായി സമ്പൂർണ്ണ സമർപ്പിതമായിരിക്കുക. അബ്രഹാമിനെപ്പോലെ വിശ്വാസമുള്ളവരായിരിക്കുക. ദാവീദിനെപ്പോലെ പ്രാർത്ഥിക്കുന്നവരും ദൈവത്തിൽതന്നെ ആശ്രയിക്കുന്നവരും ആയിരിക്കുക.

രണ്ടാമതായി നാം സ്നേഹത്തിൽ നടക്കണം. നമ്മുടെ കർത്താവ് നമ്മെ സ്നേഹിച്ചു, നമുക്കുവേണ്ടി തന്നെത്തന്നെ ദൈവത്തിന് സുഗന്ധവാസനയായി കാഴ്ച്ചയും ബലിയുമായി ഏൽപിച്ചുകൊടുത്തു. (യെഹസ്കേൽ 5 : 2). ദൈവനാമ മഹത്വത്തിനായി ദൈവത്തിങ്കലേക്ക് നാം ഓരോരുത്തരും ഏൽപിച്ചുകൊടുക്കുമ്പോൾ അവൻ നമ്മെ സ്വീകരിക്കും. അസാദ്ധ്യമായ വൻകാര്യങ്ങൾ അവനുവേണ്ടി പ്രവർത്തിക്കുവാൻ നമ്മെ പ്രാപ്തരാക്കും. വിക്കനായ മോശയേയും, അടിമയായ ഔസേപ്പിനേയുംപോലെ മാറ്റമില്ലാത്തവനായ ദൈവം തന്നെ ആശ്രയിക്കുന്നവരെ തന്റെ ബഹുലമായ കൃപകൾകൊണ്ട് ചുറ്റിക്കൊള്ളുന്നു (സങ്കീ. 31-19).

✱✱✱✱✱

# അടയാളങ്ങൾ

ജയ്സൺ ആറ്റുവ



ചക്രവാളം ചുവന്നുതുടുക്കുന്നു
എങ്ങും വിലാപത്തിന്റെ മാറ്റൊലികൾ
അപരാധികൾ നിരപരാധികൾ കശാപ്പ് ചെയ്യുന്നു
അതിനുള്ള കാരണങ്ങൾ അവർ കണ്ടെത്തുന്നു
ഭൂഗോളം അതൊരു തീഗോളമാകുവാൻ പോകുന്നു
സകല ജീവജാലങ്ങളും ചുട്ടെരിയും, വെന്തുവെണ്ണീറാകും.
ജലം ദാഹജലം അതൊരുകാണാകണിയായ് മാറുന്നകാലം
അത് വിദൂരമല്ല
സമ്പന്നതയിൽ അഹങ്കരിക്കുന്ന ലോകത്തും
പട്ടിണിയുടേയും ദാരിദ്ര്യത്തിന്റെയും നിലവിളികൾ
യുദ്ധങ്ങളും യുദ്ധശ്രുതികളും അങ്ങിങ്ങായ് കേൾക്കുന്നു.
നക്ഷത്രങ്ങൾ വീഴും, സൂര്യൻ ജ്വലിക്കാതിരിക്കും ചന്ദ്രൻ മിഴികൾ അടയ്ക്കും
ഭൂതലം കൂരിരുട്ടിന്റെ കരിമ്പടം പുതയ്ക്കും
കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം
എങ്ങും നിരാശയും ജാതികൾക്ക് പരിഭ്രമവും അടിക്കടിയുണ്ടാകുന്നു.
മനുഷ്യൻ മന:സമാധാനത്തിന്റെ ശ്രീകോവിലുകൾ തേടി ഓടുകയാണ്.
ശാസ്ത്രം വളർന്നു, സാങ്കേതികവിദ്യയാൽ അവൻ അന്യഗ്രഹങ്ങൾ പോലും പിടിച്ചടക്കി
കൈവെള്ളയിൽ സൃഷ്ടിയുടേയും സംഹാരത്തിന്റെയും അധികാരപത്രവുമായി
അവൻ അരങ്ങുവാഴുകയാണ്.
മരണത്തിന്റെ മണം, അത് നാസാരന്ധ്രങ്ങളിലൂടെ തുളച്ചുകയറുകയാണ്
ശവം ഉള്ളിടത്ത് കഴുകന്മാർ കൂടുന്നു
ഭൂമണ്ഡലം ഊഷര ഭൂമിയായ് മാറുകയാണ്
...........................................
...........................................
നിന്റെ സൃഷ്ടാവിന്റെ നാമം അവർ വൃഥാ എടുക്കുകയാണ്
കാലാന്തരങ്ങളായ് നീ പ്രതീക്ഷിച്ച രക്ഷ അടുത്തിരിക്കുന്നു.
എങ്കിലും നീ സഹിക്കണം ഇതെല്ലാം
എങ്കിലും ഇതൊരന്ത്യമല്ല
കാരണം ഇനിയുമുണ്ട് താണ്ടുവാൻ കാതങ്ങളേറെ.




GIBU SAM
SHEEJA GIBU




RAY DANIEL
ANCY RAY
EDWIN DANY RAY




SHINU MATHAI
SINI SHINU

# ക്വിസ്

1. ജല പ്രളയത്താൽ ഭൂമിയെ ഇനി നശിപ്പിക്കയില്ലെന്നുള്ളതിനു ദൈവം കാണിച്ച അടയാളമേത്?
2. ഏഴു പ്രാവശ്യം വീണാലും എഴുന്നേൽക്കുന്നതാര്?
3. ആനക്കൊമ്പ്കൊണ്ട് അരമന പണിത രാജാവ്?
4. സേലാ എന്ന വാക്ക് സങ്കീർത്തനങ്ങളിൽ എത്ര പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു?
5. ഞാൻ എഴുതിയത് എഴുതി എന്നു പറഞ്ഞത് ആര്?
6. തബീഥാ എന്ന പേരിന്റെ അർഥം?
7. ഒരു മുട്ടും വരാതവണ്ണം യാത്ര അയക്കാൻ പൗലോസ് പറഞ്ഞ ന്യായ ശാസ്ത്രി ആര്?
8. എങ്ങനെയുള്ള കവചമാണു ധരിക്കേണ്ടത് ?
9. പൗലോസ് ഏതു ഗോത്രത്തിൽ ജനിച്ചവൻ ?
10. ഇൻഡ്യയുടെ ആദ്യത്തെ കൃത്രിമോപഗ്രഹം?
11. ഗാന്ധിജിയുടെ സമാധിസ്ഥലമേത് ?
12. ലോകത്തിലെ ഏറ്റവും വലിയ പുഷ്പം?
13. ഇന്ത്യയിലെ ആദ്യത്തെ 3-ഡി സിനിമ?
14. ഓർത്തഡോക്സ് എന്ന വാക്കിന്റെ അർഥം ?
15. സംഗീതത്താൽ സഭയെ ഉണർത്തിയ വിശുദ്ധൻ ?

***നിബന്ധനകൾ***

1. ഏറ്റവും കൂടുതൽ ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്നും സമ്മാനാർഹരെ കണ്ടെത്തുന്നതായിരിക്കും.
2. ഒന്നിൽ കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ തീരുമാനിക്കുന്നതാണ്.
3. യുവജന പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ഭാരവാഹികൾക്കും കുടുംബാംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
4. എഡിറ്റോറിയൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.
5. ഉത്തരങ്ങളോടൊപ്പം ആളിന്റെ പേരും, മേൽവിലാസവും, ടെലിഫോൺ നമ്പറും ഉൾപ്പെടുത്തെടുത്തേണ്ടതാണ്.
6. നിങ്ങളുടെ ഉത്തരങ്ങൾ നവംബർ 10-തീയതിക്കു മുമ്പായി ചീഫ് എഡിറ്റർ, യൂത്ത് വോയ്സ്, TB No. 834, മനാമ എന്ന വിലാസത്തിൽ അയക്കുകയോ പള്ളി ഓഫീസിൽ എത്തിക്കുകയോ ചെയ്യുവാൻ താല്പര്യപ്പെടുന്നു.

---




JAISON ATTUVA
SAJITHA JAISON
ABEL & AIDEN



MATHEW THOMAS



MONCY VARGHESE
RINI MONCY
MOURIS, MARIN & MERICK




CHRISTY P VARGHESE
SAJINI CHRISTY

ഉപകാര സ്മരണ



JUSTIN, GINCY JUSTIN
JEROME MATHEW JESTIN




BINU PAPPACHAN, SHEEBA BINU
LIZBETH ELSA, LINET MARIAM,
LIRA ELIZEBETH




SHINU, SHIJIN
ANISH




STEBIN MON




LIGIN P DANIEL
JASMIN MARY LIGIN
HANNAH MARIAM LIGIN




JOHN & FAMILY
JR LINCY & JEVIN




SAM PHILIP
SUSAN SAM
CHRIS & AIME

# മഹിമയാം അപ്പോസ്തലൻ

ഷിജു കെ ഉമ്മൻ



ഭാരതമണ്ണിൽ സ്ഥാപിതമാമീ മലങ്കരസഭയുടെ മഹനീയൻ
ലക്ഷ്യപ്രാപ്തിക്കായെത്തിയതീ വൈവിധ്യ സംസ്ക്കാര പൈതൃകത്തിൽ
സുവിശേഷപ്രഭാഷണങ്ങളാൽ ക്രിസ്തുമാർഗ്ഗത്തിൽ മാലോകരെ ജനിപ്പിച്ചൊരീയിടയൻ
ഓർക്കുന്നു ഞാനെപ്പോഴും എൻ മഹിമയാം അപ്പോസ്തലനെ.

ഏകനായി എത്തിയതീമണ്ണിൽ തൻ നാഥൻ കൽപനയാൽ
നാട്ടുഭാഷാ പ്രാവീണ്യമേതുമില്ലെങ്കിലുമധൈര്യപ്പെടാതെ-
സുവിശേഷവേലയ്ക്കായി സത്യവിശ്വാസത്തിലെഴുന്നള്ളിയൊരിടയൻ
ഓർക്കുന്നു ഞാനെപ്പോഴും എൻ മഹിമയാം അപ്പോസ്തലനെ.

പീഢകഷ്ടതകൾ സഹിച്ചീടിലും പകർന്ന് നൽകണ-
മെൻ വിശ്വാസവും രുചിച്ചറിയലുമെന്ന ലക്ഷ്യബോധം.
കുന്തമുനയാൽ വേദനയേറ്റ് പുളയുമ്പോഴും ആ മനം വിങ്ങിയതെന്തിന്?
ഗുരുവാഗ്ദത്ത പൂർത്തീകരണത്തിന്റെ ചാരിതാർത്ഥ്യമോ?
നിശ്ചയദാർഢ്യഭംഗത്തിലുള്ള നിരാശയോ?

✷✷✷✷✷

### കഴിഞ്ഞലക്കം ക്വിസ് ഉത്തരം

1) ആദം, ഹവ്വ (2) അബ്രഹാം, യാക്കോബ്
3) ദാനിയേൽ, യോഹന്നാൻ
4) താമര (5) യെശയ്യാവ്
6) ശിംശോന്റെ ഭാര്യ
7) ഹോരേബ് പർവതത്തിൽ
8) റാഹേൽ, പുരോഹിതനായ ഏലിയുടെ മക
നായ ഫിനെഹാസിന്റെ ഭാര്യ
9) ജലജീവികൾ (10) പത്തനംതിട്ട ജില്ല
11) 9 സീറ്റുകൾ
12) ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ
13) വോൾട്ടാ
14) പ. ബസേലിയോസ് മാർത്തോമ്മാ
ദിദിമോസ് പ്രഥമൻ
15) പത്രോസ് മൂന്നാമൻ പാത്രിയർക്കീസ്

***ക്വിസ് കഴിഞ്ഞലക്കം വിജയി***
***സുശീല മാത്യു***




**കൊയ്നോണിയയിൽക്കൂടി ഈ വർഷം ഇതുവരെ 19 പിഞ്ചുകുഞ്ഞുങ്ങൾക്ക് ശസ്ത്രക്രിയ ചെയ്യുവാനുള്ള തുക നൽകി എന്നുള്ള സന്തോഷവിവരം അറിയിക്കട്ടെ. ഇതിൽ സഹകരിക്കുന്ന എല്ലാ നല്ലമനസുകൾക്കും നന്ദി.**

## NEW MEMBERS

1. GIBU K JOY
2. ANCY SHIJU

# Happy Birthday
# to
# Kingini

*from*

***Honey & Soney***



## ഉപകാര സ്മരണ



**Heshel Rose Jeemson**



**Deepthi Jeemson**




**Jeemson**

ഉപകാര സ്മരണ




Jony M Jose & Bincy Mathew
Bibithu




Mathew Varghese & Darly Mathew
Dhanya, Amith



Biju Thankachan & Jincy Biju



Bahrain Star Trading
Muharraq